**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2343** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഹൃദയ സംബന്ധമായ അസുഖത്തിന് ചികിത്സയിലുള്ള രോഗികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ മണ്ഡലത്തിലെ ആര്യങ്കാവ്, തെന്മല, കുളത്തുപ്പുഴ, ഏരൂർ, അഞ്ചൽ, ഇടമുളയ്ക്കൽ, കരവാളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും പുനലൂർ മുനിസിപ്പാലിറ്റിയിലുമായി പ്രവർത്തിക്കുന്ന വിവിധ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ (പി.എച്ച്.സി.),സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ (സി.എച്ച്.സി.), പുനലൂർ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഹൃദയ സംബന്ധമായ അസുഖത്തിന് ചികിത്സയിലുള്ള രോഗികളുടെ എണ്ണം ലഭ്യമാക്കാമോ; | (എ) | ഇടമുളയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ 448 പേരും, ഏരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 189 പേരും, തെന്മല കുടുംബാരോഗ്യ കേന്ദ്രത്തിൽ 180 പേരും, അച്ചൻകോവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 34 പേരും ആര്യങ്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 186 പേരും, കരവാളൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 480 പേരും, അഞ്ചൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 723 പേരും, കുളത്തുപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 1343 പേരും, പുനലൂർ താലൂക്ക് ആശുപത്രിയിൽ 457 പേരും ഹൃദയ സംബന്ധമായ അസുഖത്തിന് ചികിത്സക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | 2022 വർഷത്തിൽ പുനലൂർ താലൂക്ക് ആശുപത്രി, പുനലൂരിലെ വിവിധ പി.എച്ച്.സി., സി.എച്ച്.സി.കളിൽ നിന്നുമായി റഫർ ചെയ്തിട്ടുള്ള ഹൃദയ സംബന്ധമായ അസുഖമുള്ള രോഗികളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; ലഭ്യമാക്കാമോ; | (ബി) | ഇടമുളയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്നും 60 പേരെയും, ഏരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും 11 പേരെയും, തെന്മല കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്നും 36 പേരെയും, അച്ചൻകോവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും 4 പേരെയും, കരവാളൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും 21 പേരെയും, അഞ്ചൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും 21 പേരെയും, പുനലൂർ താലൂക്ക് ആശുപത്രിയിൽ നിന്നും 84 പേരെയും വിദഗ്ധ ചികിത്സയ്ക്കായി റഫർ ചെയ്തിട്ടുണ്ട്. |
| (സി) | പുനലൂർ താലൂക്ക് ആശുപത്രിയിൽ അനുവദിക്കപ്പെട്ട കൺസൾട്ടൻറ് കാർഡിയോളജി തസ്തികയിലേക്കുള്ള നിയമന നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; അതുമായി ബന്ധപ്പെട്ട ഫയലുകളുടെ വിശദാംശം അറിയിക്കുമോ; എന്നത്തേക്ക് നിയമനം നടത്താനാകുമെന്ന് വിശദമാക്കാമോ? | (സി) | പുനലൂർ താലൂക്ക് ആശുപത്രിയിൽ അനുവദിക്കപ്പെട്ട കൺസൾട്ടന്റ്, കാർഡിയോളജി തസ്തികയിലേയ്ക്ക് 10.02.2023 തീയതിയിലെ സ.ഉ (സാധാ) നം. 334/2023/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ഡോ. അരുൺ.എസ്.ആർ നെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ടി ഡോക്ടർ ജോലിയിൽ പ്രവേശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ